പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *675 | 01.11.2011-ലെ മറുപടിക്ക് |
|---|---|

## സർക്കാർ ലാബുകളിലെ ഫീസ് നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ബി.സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സ്റ്റേറ്റ് അനലിറ്റിക്കൽ ലാബ്, റീജണൽ അനലിറ്റിക്കൽ ലാബോറട്ടറികൾ ജില്ലാ ലാബോറട്ടറികൾ എന്നിവിടങ്ങളിലെ ഫീസ് നിരക്ക് വൻതോതിൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) 2003-ൽ നിലവിൽ വന്ന ഫീസ് നിരക്കു കളാണ് 2011-ൽ പുതുക്കിയിട്ടുള്ളത്. |
| ബി) എങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും എത്ര ആണെന്ന് വിശദമാക്കാമോ; | ബി) നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും അനുബന്ധമായി ചേർക്കുന്നു. |
| സി) രാസപരിശോധനാ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഏതെല്ലാം പരിശോധനകൾക്ക് എത്ര രൂപാ വീതമാണ് വർദ്ധിപ്പിച്ചതെന്ന് വെളി പ്പെടുത്തുമോ; | സി) രാസപരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കളുടെയും മറ്റും വില വർദ്ധിച്ചതിനു ആനുപാതികമായിട്ടാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്. ജി.ഒ(എം.എസ്)നം. 418/2011/ആകുവ തീയതി 13/7/2011 എന്ന സർക്കാർ ഉത്തരവ് സ്റ്റേറ്റ് അനലിസ്റ്റ് ലബോറട്ടറി ആഫീസിൽ ലഭ്യമായ 27/7/2011 മുതലാണ് വെള്ളത്തിന്റെയും ഭക്ഷ്യവസ്തു ക്കളുടെയും പരിശോധനകൾക്ക് ഫീസ് വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവിന്റെയും ഫീസ് വർദ്ധനവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ഡി)ഗാർഹിക-ഗാർഹികേതര ആവശ്യ ങ്ങൾക്കായുള്ള ജലത്തിലെ രാസ ജീവാണു പരിശോധനാഫീസ് വർദ്ധന വുമൂലം ഉണ്ടായിട്ടുള്ള ബുദ്ധി മുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരി ക്കുമോ? | ഡി) ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾ ക്കായുള്ള ജലത്തിലെ രാസ-ജീവാണു പരിശോധനാഫീസ് വർദ്ധനവുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ കീഴിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന സ്വീകരിക്കുന്ന ജലത്തിന്റെ പരിശോധന സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**